(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ -9/90/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ,തീയതി.05.03.2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-09/90/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ,തീയതി..05.03.2016

# ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-04-2015 മുതൽ 10-01-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒമ്പത് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ് മുരളീദാസ് | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 11-01-2016 മുതൽ 19-01-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ എം.കെ മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ജോസഫ് ചാക്കോ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. കെ.ബി.ബാബുരാജ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.റോസമ്മ ജയിംസ് | 01-04-2014മുതൽ 31-03-2015 വരെ |
| സെക്രട്ടറി | : | ശ്രീ. സാബു ജോൺ. | 01-04-2014മുതൽ 31-03-2015 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |

| | | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | | ശ്രീ സജിത്ത് മാത്യൂസ് | 01-04-2014മുതൽ 31-03-2015 വരെ |
| അസി.എഞ്ചിനീയർ | | ശ്രീ ജോസഫ് തോമസ് | 01-04-2014 മുതൽ 31-03-2015 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി. രശ്മി വിജയൻ | 01-04-2014മുതൽ 31-03-2015 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. ലളിത പി.എസ് | 01-04-2014മുതൽ 31-03-2015 വരെ |
| | | ശ്രീമതി. മറിയാമ്മ ജോസഫ് | 01-04-2014മുതൽ 31-08-2014 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.കെ ബാബുരാജ് | 01-09-2014 മുതൽ31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | ഡോ.വി.എസ് ശശികല | 01-04-2014 മുതൽ 31-01-2015 വരെ |
| | | ഡോ.എം നിത | 01-02-2015 മുതൽ 31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | | ഡോ. എസ് സുരേഷ് | 01-04-2014 മുതൽ 17-10-2014 വരെ |
| | | ഡോ. എം.റ്റി സുഗീത് | 08-10-2014 മുതൽ 06-01-2015 വരെ |
| | | ഡോ. എച്ച് സിമിലാൽ | 07-01-2015 മുതൽ 31-03-2015 വരെ |
| ഗ്രാമസേവകൻ | | ശ്രീ. ഹരികുമാരൻ പിള്ള | 01-02-2014 മുതൽ 31-03-2015 വരെ |
| ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ കോഴിമല | | ശ്രീ.ബേബി ജോസഫ് | 01-02-2014 മുതൽ 31-03-2015 വരെ |

**ഉള്ളടക്കം**

| ഭാഗം 1 |
|---|
| |

| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| ഭാഗം 2 | | | |
| 12 | 2-1 | ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതിതുകകൾ തനതുഫണ്ടിൽ നിക്ഷേപിക്കുന്നത് | |
| 13 | 2-2 | വസ്തുനികുതി പിരിവ് അവലോകനം | |
| ഭാഗം 3 | | | |
| 14 | 3-1 | വാങ്ങി നൽകിയ ടാറിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | |
| 15 | 3-2 | ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നീക്കിയിരുപ്പായി കാണേണ്ടുന്ന ടാറിന്റെ വില നിരാകരിക്കുന്നു. | |
| 16 | 3-3 | പാലിയേറ്റീവ് കെയർ അപാകതകൾ ചെലവ് തുക ₹3200 അംഗീകരിക്കുന്നില്ല. | |
| 17 | 3-4 | ഊർജ്ജിത രോഗപ്രതിരോധ പരിപാടി-രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സം ₹50000/- | |
| 18 | 3-5 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സം ₹13305/- | |
| 19 | 3-6 | ഇ.എം.എസ് ഭവനപദ്ധതി അവലോകനം | |
| 20 | 3-7 | കുടിവെള്ള പദ്ധതികളുടെ നിർവഹണം-തുടർ നടപടികൾ സ്വീകരിക്കുന്നില്ല | |
| ഭാഗം 4 | | | |

| | | | |
|---|---|---|---|
| 21 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 22 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 23 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 24 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 25 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 26 | 4-6 | ഓഡിറ്റ് റിക്കവറി | |
| 27 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 28 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 29 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| 30 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2014-15വർഷത്തെ ബജറ്റ് 24-02-2014 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹65642490/- ചെലവ് ₹ 59943630/- നീക്കിയിരിപ്പ് ₹ 5698860/-വുമാണ്. 24.02.2015ലെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച പുതുക്കിയ ബജറ്റ് പ്രകാരം വരവ് ₹66702490/-, ചെലവ് ₹60358630/-വുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31.07.2015 | 13-05-2015 | --------- | 30-07-2015 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 25&26-09-2015 | പുറപ്പെടുവിച്ചിട്ടില്ല |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക ₹ |
|---|---|
| മുന്നിരിപ്പ് | 17895450 |
| വരവ് | 72586801 |
| ആകെ | 90482251 |
| ചെലവ് | 57888585 |
| നീക്കിയിരിപ്പ് | 32593666 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതു വിഭാഗം | 1349995 | 12522000 | 13871995 | 10803033 | 3068962 | 77.88 |
| | എസ്.സി.പി | 1386485 | 2585000 | 3971485 | 2719410 | 1252075 | 68.47 |
| | റ്റി.എസ്.പി | 1182949 | 2887000 | 4069949 | 2917396 | 1152553 | 71.68 |
| സംരക്ഷണഗ്രാന്റ് | റോഡ് | 931809 | 8094000 | 9025809 | 6903377 | 2122432 | 76.48 |
| | നോൺറോഡ് | 394606 | 2872000 | 3266606 | 2304718 | 961888 | 70.55 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 2091336 | 8034221 | 10125557 | 7418319 | 2707238 | 73.26 |
| പെർഫോമൻസ് ഗ്രാന്റ് | | 795849 | 3724000 | 4519849 | 643051 | 3876798 | 14.23 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 121867 | 661627 | 783494 | 771246 | 12198 | 98.44 |
| ബി ഫണ്ട് | | ----- | 11857323 | 11857323 | 11857323 | ----- | 100.00 |

## 1-6 പദ്ധതി അവലോകനം.

ജില്ലാ ആസൂത്രണ സമിതിയുടെ 31-03-2015 ലെ ഡി.പി.സി/319/2014 ഐ.ഡി.കെ പ്രകാരമുള്ള അന്തിമ ഉത്തരവ് പ്രകാരം 2014-15 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 57368891 | 131 | 35290373 | 66 | 24 | 59.27 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25.51ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1836465 | 4401777 | (+)2565312 | (+)13.95 |
| നികുതിയേതര വരവുകൾ | 1684899 | 1416171 | (-)268728 | (-)15.94 |
| മറ്റുവരവുകൾ | 54309825 | 66768853 | (+)12459028 | (+)22.94 |
| ആകെ | 57831189 | 72586801 | (+)14755612 | (+)25.51 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30360 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 1065461 | 149 |
| വിധവാ പെൻഷൻ | 5324303 | 649 |
| വാർദ്ധക്യകാല പെൻഷൻ | 4038976 | 1032 |
| വികലാംഗ പെൻഷൻ | 1153688 | 181 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 66885 | 8 |
| വിവാഹ ധനസഹായം | 170000 | 6 |
| ആകെ | 1849673 | 2041 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1454/-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

**രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം.**

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല.

**ഓഫീസ് പ്രവർത്തനങ്ങൾ.**

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. സേവന നൽകുന്നതിൽ കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ.**

എല്ലാ വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-11-2015 | 01-10-2015 മുതൽ 31-10-2015 വരെ | 19-12-2015 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-07-2008 | 1997-98 മുതൽ 2007-08 വരെ | 02-08-2008 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി തുകകൾ തനതുഫണ്ടിൽ നിക്ഷേപിക്കുന്നത്

കാഞ്ചിയാർ ഐ.ഡി.സി.ബി.യുടെ തനതുഫണ്ട് അക്കൗണ്ടിൽ (നം.12048120122 0001) 31.3.15-ൽ 1,37,39,740/- നീക്കിയിരിപ്പുണ്ട്. ഈ തുകയിൽ തനതു വരുമാനം കൂടാതെ താഴെപ്പറയുന്ന പദ്ധതി തുകകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.9-ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക₹ |
|---|---|---|
| 1 | പട്ടികവർഗ്ഗ ആശ്രയ പദ്ധതി | 2400960 |
| 2 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം. | 500000 |
| 3 | ജില്ലാ പഞ്ചായത്ത് വിഹിതം. | 502500 |
| 4 | ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 1400000 |
| 5 | റ്റി.എസ്. സി. വിഹിതം | 100000 |
| 6 | റ്റി.എസ്.പി. കോർപ്പസ് ഫണ്ട് | 1500000 |
| | | 7303460 |
| 7 | തനതു വരുമാനം | 6436280 |
| | ആകെ | 20143200 |

ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി തുകകൾ അതാത് അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-2 വസ്തുനികുതി പിരിവ് അവലോകനം

വസ്തു നികുതിയിനത്തിൽ തൻവർഷത്തെ പിരിവ് വിവരം താഴെ നൽകുന്നു.

| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|---|
| തൻവർഷം | 3514932 | 1933156 | 1581776 |
| കുടിശിക | 2912256 | 1675161 | 1237095 |
| ആകെ | 6427188 | 3608317 | 2818871 |

അവശേഷിക്കുന്ന തുക ₹2818871/-പിരിച്ചെടുക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാങ്ങി നൽകിയ ടാറിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല -നഷ്ടം ₹30533/-

| | |
|---|---|
| പദ്ധതി നം. | 90/15 |
| പേര്. | മറ്റപ്പിള്ളി- തൊപ്പിപ്പാള റോഡ് ടാറിങ്. |
| അടങ്കൽ | 300000/-(എം ജി- റോഡ്) |
| കൺവീനർ | എൻ ജി സുകുമാരൻ |
| അളവു പുസ്തകം നം | 72/14-15 |
| ചെലവ്. | ₹76216/-(ബിൽ. നം. 41/14-15. തീ.19.12.2014) |
| | ₹221183/-(ബിൽ. നം. 81/14-15. തീ.17.03.2015) |
| ആകെ. | ₹297399/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി എഞ്ചിനീയർ |

മേൽ പദ്ധതിക്കായി ₹76216/- മുൻകൂറായി പിൻവലിച്ച് കി.ഗ്രാമിന്.₹49.189 പ്രകാരം ആകെ 1549.45 കിലോ ബിറ്റുമിൻ വാങ്ങിയിരുന്നു. പിന്നീട് അടങ്കലിൽ മാറ്റമില്ലാതെ തന്നെ എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും തത്ഫലമായി 2170.18 കി ഗ്രാം ബിറ്റുമിൻ മേൽ കൺവീനർക്ക് നൽകുകയുമുണ്ടായി.എന്നാൽ അന്തിമ ബില്ലിൽ നിന്നും കൺവീനർക്ക് നൽകിയ ബിറ്റുമിന്റെ വിലയായ 2170.18x49.189=106748.984 കുറവു ചെയ്യേണ്ടിയിരുന്നതിനു പകരം ₹76216/- മാത്രമേ കുറവു ചെയ്തുള്ളൂ. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ചെലവ് 106748.984-76216=₹30532.984=30533 രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

### 3-2 പാലിയേറ്റീവ് കെയർ അപാകതകൾ ചെലവ് തുക ₹3200 അംഗീകരിക്കുന്നില്ല.

| | | |
|---|---|---|
| പദ്ധതി നം | : | 20/2015 |
| പദ്ധതി | : | പാലിയേറ്റീവ് കെയർ പരിപാടി. |
| അടങ്കൽ | : | ₹375000/- |
| ബിൽ നം | : | 1/2014-15 തീയതി 25.07.2014 തുക ₹ 62500/-<br>4/2014-15 തീയതി 16.10.2014 തുക ₹62225/- |
| നിർവ്വഹണം | : | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

**1) പാലിയേറ്റീവ് കെയറിനു പോകാത്ത ദിവസങ്ങളിൽ ചെലവ് ₹3200/-**

താഴെ പരാമർശിക്കുന്ന തീയതികളിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ചെലവ് കാണിച്ചിട്ടുണ്ട്. എന്നാൽ അന്നേ ദിവസങ്ങളിൽ പാലിയേറ്റീവ് കെയറിന് പോയിട്ടില്ല എന്ന് പാലിയേറ്റീവ് കെയർ നഴ്സിന്റെ ഹോം കെയർ ഡയറിയിൽ നിന്നും കാണുന്നു. പോകാത്ത ദിവസങ്ങളിലെ ചെലവ് അംഗീകരിക്കുന്നില്ല. തുക തിരിച്ചടയ്ക്കേണ്ടതാണ്.

| തിയതി | ചെലവ് ഇനം | തുക ₹ |
|---|---|---|
| 02-04-2014 | വാഹന വാടക | 1250 |
| | ഭക്ഷണം | 350 |
| 31-09-14 (തിയതി ശ്രദ്ധിക്കുക) | വാഹന വാടക | 1250 |
| | ഭക്ഷണം | 350 |
| | ആകെ | 3200 |

**2) ഹോം കെയറിനു പോകുന്ന വാഹനത്തിനു ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.**

പാലിയേറ്റീവ് ഹോം കെയറിന് കെ.എൽ-7ബി.ബി 5234, 5820 എന്നീ വാഹനങ്ങൾ ഓടിച്ചതിന് ശ്രീ ഔസേപ്പച്ചൻ,കെ.എൽ-14ജെ 1600 എന്ന വാഹനം ഓടിച്ചതിന് ശ്രീ രഞ്ജുമോൻ എന്നിവർക്ക് ₹1000, ₹1250 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കാതെ തുക നൽയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വരും വർഷങ്ങളിൽ ക്വട്ടേഷൻ ക്ഷണിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 3-3 ഊർജ്ജിത രോഗപ്രതിരോധ പരിപാടി-രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സം ₹50000/-

| | | |
|---|---|---|
| പദ്ധതി നം | : | 24/2015 |
| പദ്ധതി | : | ഊർജ്ജിത രോഗപ്രതിരോധ പരിപാടി. |
| അടങ്കൽ | : | ₹100000/- |
| ബിൽ നം | : | 7/2014-15 തീയതി 30.03.2015 തുക ₹50000/- |
| നിർവ്വഹണം | : | മെഡിക്കൽ ഓഫീസർ പി.എച്ച്.സ |

ഊർജ്ജിത രോഗപ്രതിരോധ പരിപാടിക്കായി ചെലവഴിച്ച തുകയുടെ വിവരം താഴെ നല്കുന്നു.

| ക്രമ നം | ചെലവ് ഇനം | തുക ₹ | വൗച്ചർ നം | സ്ഥാപനം |
|---|---|---|---|---|
| 1 | പ്രിന്റിംഗ് (Awereness notice for Conjunctivites) | 800 | 1 | അക്ഷര പ്രിന്റേഴ്സ് കട്ടപ്പന |
| 2 | പ്രിന്റിംഗ് (Notice Polio)) | 1900 | 02 | അക്ഷര പ്രിന്റേഴ്സ് കട്ടപ്പന |
| 3 | ഭക്ഷണം (Pulse Polio) | 8400 | 03& 04 | ഹോട്ടൽ പാരിസ് ലബ്ബക്കട |
| 4 | ക്യാൻസർ (Note pad & Pen) | 2900 | 05 | അനുപമ സ്റ്റോഴ്സ് കട്ടപ്പന |

| | | | | |
|---|---|---|---|---|
| 5 | ആശ്വാസ് ക്യാൻസർ (Awereness Class for Cancer) | 36000 | 06 | അക്ഷര പ്രിന്റേഴ്സ് കട്ടപ്പന |
| ആകെ | | 50000 | | |

**<u>അപാകതകൾ</u>**

1) പൾസ് പോളിയോ നടത്തിയതിന്റെ വിവരം ലഭ്യമല്ല.

2) ക്യാൻസർ , കൺജക്റ്റിവൈറ്റിസ് എന്നിവയുടെ ക്ലാസ്സ് നടത്തിയതിന്റെ വിവരം ലഭ്യമല്ല. ക്ലാസിന്റെ ഹാജർ നില, അച്ചടിച്ച ബുക്ക്ലെറ്റ് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

മേൽ അപാകതകളാൽ ₹50000/-ന്റെ ചെലവ് തടസ്സം ചെയ്യുന്നു. രേഖഖൾ ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സം ₹13305/-

| | | |
|---|---|---|
| പദ്ധതി നം | : | 40/2015 |
| പദ്ധതി | : | അംഗനവാടി ജീവനക്കാർക്ക് യൂണിഫോം വിതരണം |
| അടങ്കൽ | : | ₹13305/- |
| ബിൽ നം | : | 3/2014-15 തീയതി 28.08.2014 തുക ₹13305/- |
| നിർവ്വഹണം | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അങ്കണവാടി ജീവനക്കാർക്ക് യൂണിഫോം വിതരണം നടത്തുന്നതിന് 22.08.2014 തീയതിയിലെ 936518-ാം നം ഡി.ഡി പ്രകാരം തൊടുപുഴയിലുള്ള ഇടുക്കി ജില്ലാ ഐ.സി.ഡി.എസ് സെല്ലിലേക്ക് ₹13305/- നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹13305/- ചെലവ് തടസ്സം ചെയ്യുന്നു. ജില്ലാ ഐ.സി.ഡി.എസ് സെല്ലിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2013-14, 2014-15 വർഷങ്ങളിൽ വിവിധ ടാറിങ് വേലകൾക്ക് നിർവഹണ ഉദ്യോഗസ്ഥൻ ടാർ വാങ്ങി നൽകിയിട്ടുണ്ട് എങ്കിലും ആയതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടാർ വാങ്ങൽ ബില്ലുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റുകൾ പ്രകാരവും ഓരോ ബില്ലിലെയും രേഖപ്പെടുത്തൽ പ്രകാരവും ഈ വർഷങ്ങളിലെ വാങ്ങൽ- വിതരണം താഴെ പറയും പ്രകാരമാണ്.

| വർഷം | വാങ്ങൽ-ബാരലിൽ | വിതരണം | നീക്കി ബാക്കി |
|---|---|---|---|
| 2013-14 | 119 | 117.97 | 1.03 |
| 2014-15 | 257 | 255.759 | 1.24 |
| | ആകെ നീക്കിയിരിപ്പ് | | 2.27 ബാരൽ<br>354.12 കി ഗ്രാം. |

ബാക്കി സ്റ്റോക്ക് നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. നീക്കിയിരിപ്പ് വ്യക്തമാകുന്ന സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-6 ഇ.എം.എസ് ഭവനപദ്ധതി അവലോകനം

**ലോൺ വിവരം**

തദ്ദേശസ്വയംഭരണവകപ്പിന്റെ 21.01.2010ലെ സ.ഉ(സാധാ) 229/2010 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച ₹17854500/- ലോൺ തുകയിൽ കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്ക് മുഖാന്തിരം ₹17800000/- വായ്പ എടുത്തിട്ടുണ്ട്. ഇതിൽ ₹10680000/- തിരിച്ചടച്ചിട്ടുണ്ട്. പലിശയിനത്തിൽ തൊടുപുഴ ഐ.ഡി.സി.ബി മുഖാന്തിരം സർക്കാർ ₹4343315/- നാളിതുവരെ അടച്ചിട്ടുണ്ട്.

**ഭവന നിർമ്മാണ വിവരം**

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം 232 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 227 ഗുണഭോക്താക്കൾ ഭവനപദ്ധതി പൂർത്തിയാക്കി ധനസഹായതുക കൈപ്പറ്റിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം താഴെ നൽകുന്നു.

| ക്രമനം | പേര് വിവരം | കരാർ തീയതി | അനുവദിച്ച തുക ₹ | നൽകിയ തുക ₹ | തുടർ ഗഡുക്കൾ നൽകാത്തതിനുള്ള കാരണം |
|---|---|---|---|---|---|
| 1 | മറിയാമ്മ മത്തായി വലിയപറമ്പിൽ | 07.06.2011 | 75000 | 67500 | മേൽക്കൂര പണി പൂർത്തിയായി ഗുണഭോക്താവ് ഹാജരായില്ല |
| 2 | കുസുമകുമാരി കടുവാക്കുഴിയിൽ | 12.10.2011 | 75000 | 22500 | ഗുണഭോക്താവ് സ്ഥലത്തില്ല |
| 3 | ബിജു പെരുമ്പിള്ളിക്കാട്ടിൽ | 15.02.2012 | 75000 | 67500 | മേൽക്കൂര പണി പൂർത്തിയായി ഗുണഭോക്താവ് ഹാജരായില്ല |
| 4 | സന്തോഷ് ഭാസ്കരൻ പുത്തൻപുരയ്ക്കൽ | 19.05.2010 | 75000 | 67500 | മേൽക്കൂര പണി പൂർത്തിയായി ഗുണഭോക്താവ് ഹാജരായില്ല |
| 5 | നാരായണൻ മണിയേലിൽ | 30.03.2011 | 75000 | 52500 | അളവിൽ കൂടുതൽ വലുപ്പത്തിൽ വീട് നിർമ്മിച്ചു |

1. ക്രമ നം. 2 ഗുണഭോക്താവിനെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ചതുരശ്ര മീറ്റർ എന്നത് ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ പണിപൂർത്തീകരിക്കാത്ത വീടുകൾക്ക് ഉയർന്ന പരിധിയുടെ 10% വരെ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് നല്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണവകപ്പിന്റെ 22.01.2013ലെ സ.ഉ(കൈ) 163/2013 നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തിൽ തറവിസ്തീർണ്ണത്തിന്റെ കൃത്യമായ അളവ് തിട്ടപ്പെടുത്തി ഉചിത തീരുമാനം എടുക്കേണ്ടതാണ്.
3. ഭവനനിർമ്മാണ ധനസഹായം കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തദ്ദേശസ്വയംഭരണവകപ്പിന്റെ 19.04.2011ലെ സ.ഉ(സാധാ) 1038/11 ഉത്തരവ് പ്രകാരം 12% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതികളുടെ നിർവഹണം-തുടർ നടപടികൾ സ്വീകരിക്കുന്നില്ല

ഓഡിറ്റ് വർഷം പല കുടിവെള്ള പദ്ധതികളും പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇവയുടെയൊന്നും തുടർ നടത്തിപ്പിന് സംവിധാനമൊരുക്കിയിട്ടില്ല. ഇക്കാരണത്താൽ പദ്ധതികൾ പലപ്പോഴും ജനോപകാര പ്രദമാകാതെ നശിച്ചു പോകുന്നു. നിലവിലുള്ള പദ്ധതികളുടെയും ഭാവിയിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെയും നടത്തിപ്പിനായി സ.ഉ.(ആർ.റ്റി)2141/2000/ത.സ്വ.ഭ.വ തീയതി.31.05.2000 അനുശാസിക്കുന്ന പ്രകാരമുള്ള മാർഗ്ഗരേഖകൾ കർശനമായും പാലിക്കേണ്ടതാണ്.

# ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കട്ടപ്പന | 2013-14 | 100000 | ലബ്ബക്കട ടൗൺ കുടിവെള്ള പദ്ധതി | 100000 | 0 |
| | 2013-14 | 100000 | കല്യാണത്തണ്ട് പാലത്തിങ്കൽ പടി നടപ്പാത | 88690 | 11310 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ, വായ്പാ തിരിച്ചടവ് എന്നിവ ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹300യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3.1 | 300 | കെ.പി.വിജയകുമാരി എഫ്.റ്റി.എസ് | 11416104883<br>തീ 02-12-2014 |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2001-02 | ക്രമക്കേടുകളും അപാകതകളും ക്രമ നം 25 | ₹247000/- ധനാപഹരണം | പരാമർശം തുടരുന്നു |
| 2003-04 | 3.3 | 2006-07 | 3.7.1 | കമ്പ്യൂട്ടർ വാങ്ങൽ നിരാകരണം ₹54536/- | |
| | പൊതു അവലോകനം | | 3.35.1 | കേരള വാട്ടർ അതോറിറ്റി നിക്ഷേപവേല പൂർത്തിയാക്കിയില്ല | |
| 2002-03 | 3.8 | | | വൗച്ചറുകൾ ഹാജരാക്കിയില്ല. | |
| 2003-04 | 3.2 | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹72586801 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹57888585 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹ ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹33733/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹63305/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| 3.1 | | 30533 | ശ്രീ ജോസഫ് തോമസ്, അസി എഞ്ചിനീയർ |
| 3.2 | | 3200 | ഡോ. എസ് സുരേഷ് , മെഡിക്കൽ ഓഫീസർ , ആരോഗ്യം |
| ആകെ | | 33733 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50000 | ഡോ.എച്ച് സിമിലാൽ, മെഡിക്കൽ ഓഫീസർ ,ആരോഗ്യം |
| 3-5 | 13305 | ശ്രീമതി. ലളിത പി.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 63305 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക- 3-4 & 3-5

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജോസഫ് തോമസ്,<br>അസി എഞ്ചിനീയർ | അസി എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.സെക്ഷൻ, കുമളി | തെക്കേൽ വീട്<br>നെറ്റിത്തൊഴു പി.ഒ<br>ഇടുക്കി ജില്ല |
| ഡോ. എസ് സുരേഷ് ,<br>മെഡിക്കൽ ഓഫീസർ , ആരോഗ്യം | മെഡിക്കൽ ഓഫീസർ ,ആരോഗ്യം<br>പി.എച്ച്.സി കാഞ്ചിയാർ | ഗംഗോത്രി,<br>കല്ലായൻ പി.ഒ<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഐ-06/149/9830.06.1998 | |
| 1997-98 | എൽ.എഫ്.ഐ-06/723/99/28.09.2000 | |
| 1998-99 | എൽ.എഫ്.ഐ-06/261/00/30.12.2000 | |
| 1999-00 | എൽ.എഫ്.ഐ-06/198/2001/31.10.2001 | |
| 2000-01 | എൽ.എഫ്.ഐ-06/81/2004/09.06.2004 | |
| 2001-02 | എൽ.എഫ്.ഐ-06/282/2004/13.12.2003 | |
| 2002-03 | എൽ.എഫ്.ഐ-06/386/2006/30.11.2006 | |
| 2003-04 | എൽ.എഫ്.ഐ-08/227/2007/30.03.2007 | |
| 2004-05 | എൽ.എഫ്.ഐ-08/877/2007/05.04.2008 | |
| 2005-06 | എൽ.എഫ്.ഐ-08/905/2007/11.04.2008 | |
| 2006-07 | എൽ.എഫ്.ഐ-08/539/2008/03.11.2008 | |
| 2007-08 | എൽ.എഫ്.ഐ-08/1003/2009/08.07.2010 | |
| 2009-10 | എൽ.എഫ്.ഐ-09/976/2011/30.05.2012 | |
| 2010-11 | എൽ.എഫ്.ഐ-09/129/2013/04.10.2013 | |
| 2011-12 | എൽ.എഫ്.ഐ-09/1384/2013/11.07.2014 | |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.ഐ-09/1327/2014/15.12.2014 | |
| 2013-14 | എൽ.എഫ്.ഐ-09/950/2015/12.08.2015 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഫണ്ട് ഓഡിറ്റ്**

**1**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.- ഐ.ഡി.കെ.9 /90 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ തീയതി: 05.03.2016

E-mail : lfaidukki@gmail.com

PH: 04862-227332

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2014-15** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ ചെലവ് നഷ്ടം ₹33,733/- ചെലവ് തടസ്സം ₹63,305/-എന്നിവ ഒഴികെ എന്റെ അഭിപ്രായത്തിൽ **കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2014-15** വർഷത്തെ ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ധനകാര്യ വകുപ്പിന്റെ 12.06.2003- ലെ 319/2003 നമ്പർ ഉത്തരവും 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**